ഒന്നായി രൂപപ്പെട്ട സവിശേഷമായ ഒറ്റപ്പാറയാണ് ഈ മല. ഇതിൽ നിന്ന് വാമനപുരം നദിയിലേക്കുള്ള വെള്ളം വറ്റാത്ത രണ്ടു തോടുകളും ഇരുപതിലേറെ നീരുറവകളും നിലവിലുണ്ട്. വാമനപുരം-നെല്ലനാട് പഞ്ചായത്തുകൾ ഉൾപ്പെടുന്ന കുട്ടച്ചാൽ വാട്ടർഷെഡ്ഡിന്റെ ഉത്ഭവവും ഇവിടെ നിന്നാണ്. വാമനപുരം-നെല്ലനാട് പഞ്ചായത്തിൽ ഇപ്പോഴും നെൽക്കൃഷി നടത്തുന്ന വിസ്തൃതമായ നെൽപ്പാടങ്ങൾ ഈ മലയ്ക്ക് താഴെയാണ്. 150 കുടുംബങ്ങൾ മലയോരത്തും 40 കുടുംബങ്ങൾ താഴ്വാരത്തും താമസമുണ്ട്. മൂന്ന് ഹരിജൻ കോളനികളും മലയടിവാരത്തുണ്ട്. പൂമടത്തുമൂട് ഗവൺമെന്റ് എൽ.പി.എസ്., ശാലിനി ഭവൻ യു.പി.എസ്., വാമനപുരം പി.എച്ച്.സി., അംഗൻവാടി എന്നിവ ഈ മലയുടെ 500 മീറ്ററിനകത്താണ്. അതുകൊണ്ട് ഈ മലയുടെ ഏറ്റവും മുകൾ ഭാഗത്ത് 15.8 ഏക്കർ വിലയ്ക്കുവാങ്ങി തെക്കൻ കേരളത്തിലെ ഏറ്റവും വലിയ ഒരു ക്രഷർ ഉടമയായ ആരാമം ക്രഷർ ഉടമ 500 കുതിരശക്തിയുള്ള ക്രഷർ ഫാക്ടറിക്ക് ലൈസൻസ് നേടിയതായാണ് മനസ്സിലാക്കുന്നത്. ദയവായി പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് അതിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, പ്രസ്തുത വിഷയം സംബന്ധിച്ച് പാരിസ്ഥിതിക പ്രശ്നം ഉണ്ടാകുന്നതായ ചില പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഫാക്ടറിയുടെ നേരത്തെ ഉണ്ടായിരുന്ന പ്രൊഡക്ഷൻ കപ്പാസിറ്റി കുറച്ചതുകൊണ്ട് കൂടുതൽ പൊടി ഉണ്ടാകുകയില്ലെന്നുള്ള പ്രൊപ്പോസലാണ് വച്ചിട്ടുള്ളത്. ഏതായാലും ഇതിന്റെ ഗൗരവാവസ്ഥകൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ഇക്കാര്യത്തിൽ ക്ലിയറൻസ് നൽകുകയുള്ളൂ എന്ന് അറിയിക്കുകയാണ്.

(19) കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ ചെക്ക് ഡാമുകളുടെ സംരക്ഷണ നടപടികൾ

ശ്രീ. കെ. എ. ചന്ദ്രൻ: ഈ വർഷത്തെ കനത്ത മഴയും വെള്ളപ്പൊക്കവുംമൂലം കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ ചെക്ക്ഡാമുകൾ പലതും തകരുകയും ചില ഭാഗങ്ങളിൽ ഗതി മാറി ഒഴുകുകയും ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടി വേണം. 21 ചെക്ക് ഡാമുകളാണ് കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ പണി തീർന്നിട്ടുള്ളത്. മലയമ്പള്ളം ചെക്ക് ഡാം, ഹോർട്ട് റെയിൽവെസ്റ്റേഷൻ വാട്ടർ ടാങ്കിന്റെ സമീപത്തുള്ള മണ്ണാർക്കാട് കാരപ്പറമ്പ് ചെക്ക്ഡാം, കോട്ടക്കുറിശ്ശി ചെക്ക്ഡാം, ചൂരൽക്കടവ് ചെക്ക്ഡാം, കോമങ്കുണ്ട് ചെക്ക്ഡാം എന്നിവ പാടെ തകർന്നിട്ടുണ്ട്. പാർശ്വഭിത്തി പോയിട്ടുണ്ട്. അവ അടിയന്തിരമായി റിപ്പയർ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): ഇക്കാര്യങ്ങളെല്ലാം നേരിട്ട് വ്യക്തിപരമായി സംസാരിച്ചിട്ടുള്ളതാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഈ ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly